22/9/17 13

അപേക്ഷിതൻ,

**ശരൺ കുമാർ കെ**
കൈപ്പമംഗലത്ത് വീട്
അയങ്കലം പി.ഒ., തവനൂർ വഴി,
മലപ്പുറം ജില്ല

സ്വീകർത്താവ്,

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
സാമൂഹ്യ നീതി വകുപ്പ്
ജില്ലാ ഓഫീസ്, വയനാട്

**വിഷയം : വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ അറിയുന്നത് സംബന്ധിച്ച്**

സർ,

1. മലപ്പുറം ജില്ലയിൽ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ ഇപ്പോൾ എത്ര ഒഴിവുണ്ട് ?

   a). പഞ്ചായത്ത് തലം തിരിച്ച് എണ്ണം വ്യക്തമാക്കുക ?

   b). ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരായി താൽകാലിക ചുമതലവഹിക്കുന്നവർ എത്ര ? എണ്ണം ബ്ലോക്ക് തലം തിരിച്ച് ?

   c). ഏത് ഉത്തരവ് പ്രകാരമാണ്. താൽകാലിക ചുമതല നൽകിയത് ഉത്തരവിന്റെ പകർപ്പ് ?

2. 2015 ജൂലൈ 1 മുതൽ 2017 ആഗസ്റ്റ് 30 വരെ എത്ര പേരെ ആണ് ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരായി നിയമിച്ചത് ? ഏത് ഉത്തരവ് പ്രകാരം ?

   a). സ്ഥാന കയറ്റം നൽകിയവർ എത്ര ? ഏത് ഉത്തരവ് പ്രകാരം ?

   b). ഡപ്യൂട്ടേഷനിൽ നിയമിച്ചവർ എത്ര ? ഏത് ഉത്തരവ് പ്രകാരം ?

   c). ആശ്രിത നിയമനം വഴി നിയമിച്ചവർ എത്ര ? ഏത് ഉത്തരവ് പ്രകാരം ?

   d). എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചവർ എത്ര ? എത് റാങ്ക് ലിസ്റ്റ് പ്രകാരം ? റാങ്ക് ലിസ്റ്റിന്റെ കോപ്പി ?

   e). പി.എസ്.സി. വഴി നിയമിച്ചവർ എത്ര ?

f). പട്ടികജാതി, പട്ടിക വർഗം, ക്രിസ്ത്യൻ, ഭിന്ന ശേഷി, ജനറൽ, മുസ്ലിം എന്നീ വിഭാഗങ്ങളിൽ പെട്ട എത്ര പേർക്ക് ഏത് രീതിയിൽ ഏത് ഉത്തരവ് പ്രകാരം നിയമനം നൽകിയത് ? ഇവയുടെ എണ്ണം നിയോജക മണ്ഡലം തിരിച്ച് ?

3. 2015 ജൂലൈ 1 മുതൽ 2017 ആഗസ്റ്റ് 30 വരെയുള്ള കാലയളവിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ ഒഴിവുകൾ സർക്കാറിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്ര എണ്ണം ?

a). റിപ്പോർട്ട് ചെയ്ത കത്തിന്റെ പകർപ്പ് ?

b). ഇല്ലെങ്കിൽ വ്യക്തമായ കാരണം ?

മേൽ പറഞ്ഞ കാര്യങ്ങൾ വിവരാവകാശ നിയമം 2005 പ്രകാരം അനുവദിച്ച് തരുവാൻ വിനീതമായി അപേക്ഷിക്കുന്നു.

NB : ഇതിന്റെ പകർപ്പുകൾക്കാവശ്യമായ പണം അടവാക്കാൻ ഞാൻ തയ്യാറാണെന്നും ഇതിനാൽ അറിയിക്കുന്നു.

എന്ന്,

ശരൺ കുമാർ കെ.

12-09-2017

അയങ്കലം